LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. ഉമ്മൻ വി ഉമ്മൻ കമ്മിറ്റി ശുപാർശ ചെയ്ത കഡസ്ട്രൽ മാപ്പ് പ്രകാരമുള്ള റിപ്പോർട്ടാണ് സംസ്ഥാനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുള്ളത്.

(ബി&സി) ബാധകമല്ല.

പരിസ്ഥിതി ലോല മേഖലകളുടെ അതിർത്തി നിർണ്ണയം

186(5775) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതിലോല മേഖലകളുടെ അതിർത്തി നിർണ്ണയത്തിൽ വ്യക്തത ആവശ്യപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ കത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പിനെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കി പരിസ്ഥിതിലോല മേഖലകളുടെ അതിർത്തി നിർണ്ണയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) നിലവിൽ വനഭൂമിയും റവന്യൂ ഭൂമിയും ജണ്ടയിട്ടു തിരിച്ചതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല മേഖലയുടെ അതിർത്തി ആയി പരിഗണിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) പരിസ്ഥിതിലോല പ്രദേശത്തിന്റെ അതിർത്തി നിർണ്ണയിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശത്തിന്റെ അതിർത്തി നിർണ്ണയിക്കുവാനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വില്ലേജ് ഓഫീസർ, സർവ്വേ ഉദ്യോഗസ്ഥർ, വനംവകുപ്പ് ഉദ്യോഗസ്ഥർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രകാരമുള്ള പഞ്ചായത്തുതല സമിതിയിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറും സർവ്വേ ഉദ്യോഗസ്ഥനും അംഗമാണ്.

(സി&ഡി) ഉമ്മൻ വി ഉമ്മൻ കമ്മിറ്റിയും പഞ്ചായത്തുതല സമിതിയും തയ്യാറാക്കിയ പരിസ്ഥിതിലോല വില്ലേജുകളുടെ അതിർത്തികൾ രേഖപ്പെടുത്തുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ ഉമ്മൻ വി ഉമ്മൻ കമ്മിറ്റിയുടെ ശുപാർശകളും കഡസ്ട്രൽ മാപ്പും പ്രകാരമുള്ള അതിർത്തി വിവരണ റിപ്പോർട്ട് ഉടൻതന്നെ കേന്ദ്രസർക്കാരിന് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

സ്പോർട്സ് കിറ്റ്

187(T*5776) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ലബ്ബുകൾക്കും സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കായികരംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം വിപുലീകരിക്കുക, യുവജന ക്ലബ്ബുകൾക്കും സ്കൂളുകൾക്കും കായിക പ്രോത്സാഹനം നൽകുക, ആരോഗ്യമുള്ള ഒരു യുവജനതയെ വാർത്തെടുക്കുകയും യുവാക്കളുടെ കായികക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) 2013-14 സാമ്പത്തിക വർഷം 12,12,752 രൂപയുടെ സ്പോർട്സ് കിറ്റ് തിരുവനന്തപുരം ജില്ലയിലെ ജി. വി. രാജ സ്പോർട്സ് സ്കൂളിന് വാങ്ങി നൽകിയിരുന്നു. സ്പോർട്സ് കിറ്റ് വിതരണ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന യൂത്ത് ക്ലബ്ബുകളിൽനിന്നും സ്കൂളുകളിൽനിന്നും ദൃശ്യപത്രമാധ്യമങ്ങൾ വഴിയും എഫ്.എം.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly